LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്ക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണം

116 [2185] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" കളത്തിൽ അബ്ദുള്ള:
" കെ. എൻ. എ. ഖാദർ:
" സി. മോയിൻകുട്ടി:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക പദ്ധതിയിൽ ഉൾപ്പെടുത്തി നടക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്തിന് നിയന്ത്രണങ്ങൾ ഉണ്ടോ;

(ബി) ഇത്തരം പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധമായി വ്യക്തമായ ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) 1-9-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 272/04/ആർ.ഡി. പ്രകാരം, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽപ്പെടാത്ത റോഡുകൾ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകൾ വഴിയാണ്.

(ബി) 1-9-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 272/04/ആർ.ഡി. പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വ്യാജ ആട്ടോറിക്ഷാ മീറ്ററുകൾ

117 [2186] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീമതി ശോഭനാ ജോർജ്:
" രാധാ രാഘവൻ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത ആട്ടോറിക്ഷാ മീറ്ററുകൾ വിൽക്കുന്നതിന്റെ നടപടി ക്രമമെന്താണ്;

(ബി) സംസ്ഥാനത്ത് വ്യാജ ആട്ടോറിക്ഷാ മീറ്ററുകളെ കണ്ടെത്തിയിട്ടുണ്ടോ;

(സി) അതിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ സീൽ ഉണ്ടായിരുന്നുവോ;

(ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ സീലുണ്ടായിരുന്ന വ്യാജ ആട്ടോറിക്ഷാ മീറ്റർ ഉപയോഗിച്ച ആട്ടോറിക്ഷാക്കാരന്റെ മേൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഓട്ടോ മീറ്ററുകളിൽ വ്യാജ മീറ്ററുണ്ടോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിൽ നിന്നും മോഡൽ അപ്രൂവൽ ലഭിച്ചിട്ടുള്ള ആട്ടോറിക്ഷാ മീറ്ററുകൾ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുള്ള ഡീലർമാർക്ക് മുദ്ര പതിപ്പിച്ചു വിൽക്കാവുന്നതാണ്.

(ബി, സി ആന്റ് ഡി) മുദ്ര ചെയ്ത ശേഷവും കൃത്രിമം കാണിക്കാൻ സാധ്യതയുള്ള ചില മീറ്ററുകൾ കണ്ടെത്തിയിരുന്നു. എന്നാൽ ലീഗൽ മെട്രോളജി വകുപ്പിന്റെ സീൽ ഉള്ള ഓട്ടോ മീറ്ററുകൾ ഉപയോഗിച്ച് കൃത്രിമം കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വീകരിക്കുന്നതാണ്.

ദേശീയപാത വികസനവും മരം മുറിക്കലും

118 [2189] ശ്രീ. റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനം സംബന്ധിച്ച നടപടികൾ ഏതുഘട്ടം വരെയായി എന്നറിയിക്കാമോ;

(ബി) പാതകളുടെ വികസന പദ്ധതിയിൽ, നിർമ്മാണത്തിന് സന്നദ്ധത പ്രകടിപ്പിച്ച് ഏതൊക്കെ കമ്പനികളാണ് സമീപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ദേശീയ പാതകളുടെ വികസനത്തിനായി നിലവിൽ മരങ്ങൾ മുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്കു പകരം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly